**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47** **02-02-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ വ്യാപന കരാർ സ്വകാര്യ കമ്പനിയെ ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള കരാർ സ്വകാര്യ കമ്പനികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടില്ല. ടെൻഡർ മുഖേനയാണ് പദ്ധതി നടത്തിപ്പിനുള്ള കമ്പനിയെ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പദ്ധതിച്ചെലവ് സ്വകാര്യ കരാറുകാർ വഹിക്കുകയും നിശ്ചിത കാലയളവിലേക്ക് പ്രതിമാസ വാടക ഈടാക്കി പരിപാലനം നിർവഹിക്കുകയും ചെയ്യുന്ന ടോട്ടക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാനാണോ കെ.എസ്.ഇ.ബി. തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | RDSS സ്കീമിന് കീഴിൽ, പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഇൻസ്റ്റലേഷൻ TOTEX മോഡിൽ നടപ്പിലാക്കണം (മൂലധനവും പ്രവർത്തന ചെലവും ഉൾപ്പെടുന്ന ആകെ ചെലവ്) എന്ന് ഇത് സംബന്ധിച്ച കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലെ ക്ലോസ് 2.3.1 ൽ നിഷ്കർഷിച്ചിട്ടുണ്ട്. TOTEX മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് കേന്ദ്രമാർഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദമായി പരിശോധിച്ചു വരികയാണ്. അന്തിമ തീരുമാനം കൈകൊണ്ടിട്ടില്ല. |
| (സി) | സർക്കാരിന്റെ ഈ നടപടി വൈദ്യുതി മേഖലയുടെ സ്വകാര്യവത്ക്കരണം ലക്ഷ്യമിട്ടാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | ഉണ്ട്.<br><br>ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിഗണിച്ചശേഷം മാത്രമേ അന്തിമതീരുമാനം എടുക്കുകയുള്ളൂ. |
| (ഡി) | സംസ്ഥാനത്തെ സ്മാർട്ട് മീറ്റർ വ്യാപനം കെ.എസ്.ഇ.ബി. നേരിട്ട് ഏറ്റെടുത്ത് നടത്തണമെന്നും സ്വകാര്യ കമ്പനികളെ ഏല്പിക്കുന്ന ടോട്ടക്സ് രീതി ഒഴിവാക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിഗണിച്ചശേഷം മാത്രമേ അന്തിമതീരുമാനം എടുക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ